സി.പി.(3) 7867/2025 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :05-10-2025

സർക്കുലർ നം. 33 /2025

വിഷയം : സഹകരണ വകുപ്പ് – സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ 2024-2025 വർഷത്തെ ആഡിറ്റ് – കുടിശ്ശിക വായ്പ, പലിശ എന്നിവയ്ക്ക് ആഡിറ്റിൽ കരുതൽ വയ്ക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. സഹകരണ സംഘം രജിസ്ട്രാറുടെ 20/2025 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 30/2025 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്നതും, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും, എല്ലാത്തരം വായ്പകൾക്കും കുടിശ്ശികയ്ക്ക് കരുതൽ വയ്ക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം സർക്കുലർ നിർദേശങ്ങൾ നൽകിയിരുന്നു. സൂചന (2) സർക്കുലർ പുറപ്പെടുവിക്കുന്നതിന് മുമ്പ് ആഡിറ്റ് പൂർത്തീകരിച്ച് അംഗീകരിക്കപ്പെട്ട സംഘങ്ങൾക്ക് കൂടി സൂചന(2) സർക്കുലർ പ്രകാരമുള്ള ഇളവുകൾ ബാധകമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷനും ഫയൽ ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ സൂചന(2) സർക്കുലർ പ്രകാരമുള്ള ഇളവുകൾക്ക് 01.04.2025 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളവയിലും 30/2025 നമ്പർ സർക്കുലർ പ്രകാരമുള്ള ഇളവുകൾ ആവശ്യമുള്ള പക്ഷം ആയതിനുള്ള ഭരണസമിതി തീരുമാനം സഹിതമുള്ള അപേക്ഷ 31.10.2025 തീയതിയ്ക്കകം ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും 30/2025 സർക്കുലർ പ്രകാരമുള്ള ഇളവുകൾ അനുവദിച്ച് ആഡിറ്റ് കണക്കുകളിൽ ഭേദഗതി വരുത്തി നൽകേണ്ടതുമാണ്.

(ഒപ്പ്)

Dr. D SAJITH BABU IAS

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.

2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

3. എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്.

4. എല്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.

5. എല്ലാ സഹകരണസംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.

6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന) .

7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും. (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).

8. എഡിറ്റർ, സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്).

9. വെബ് സൈറ്റ്.

10. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

Signed by
Reshma G Nair
അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)
Date: 06-10-2025 14:31:11